**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1174** **04-07-2022 - ൽ മറുപടിയ്ക്ക്**

**പാപ്പിനിശ്ശേരി കൈത്തറി മ്യൂസിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പാപ്പിനിശ്ശേരി കൈത്തറി മ്യൂസിയം പദ്ധതിയുടെ പ്രവൃത്തി പുരോഗതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | പാപ്പിനിശ്ശേരി കൈത്തറി മ്യൂസിയം എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടില്ല. എന്നാൽ 4.3.2014 ലെ സ.ഉ(സാധ) നം.436/2014/SCSTDD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പട്ടികജാതി വകുപ്പിന്റെ ഫണ്ട് വഴി ടൂറിസം വകുപ്പ് മുഖേന കൈരളി ഹരിജൻ വീവേഴ്സ് ഇൻഡസ്ട്രിയൽ സഹകരണ സൊസൈറ്റിയുടെ ഓവറോൾ എൻഹാൻസ്മെന്റ് എന്ന പദ്ധതിയ്ക്ക് 143 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഡി.റ്റി.പി.സിയും പദ്ധതിയുടെ DPR തയ്യാറാക്കുന്നത് GlTPAC എന്ന സ്ഥാപനവുമാണ്. എന്നാൽ 2021 ൽ GITPAC സമർപ്പിച്ച DPR ടൂറിസം വീക്ഷണത്തിലുള്ളത് അല്ലാത്തതിനാൽ 30/11/2021 തീയതിയിൽ ബഹു. അഴിക്കോട് MLAയുടെ അധ്യക്ഷതയിൽ ടി പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കായി ചേർന്ന യോഗ തീരുമാന പ്രകാരം ടൂറിസം കാഴ്ചപ്പാടിൽ നിന്നുകൊണ്ട് കൈത്തറി മ്യൂസിയം ഉൾപ്പെടുന്ന പദ്ധതി രൂപവൽക്കരിക്കുവാൻ തീരുമാനിച്ചു. ടി പദ്ധതിയുമായി ബന്ധപ്പെട്ട് വിശദമായ കൺസെപ്റ്റ് നോട്ട് ആവിഷ്കരിക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ DPR തയ്യാറാക്കി ടൂറിസം വകുപ്പ് മുഖാന്തിരം പട്ടിക ജാതി വകുപ്പിന് സമർപ്പിക്കാനും തീരുമാനിച്ചു. തുടർന്ന് 30/12/2021 ന് ബഹു. അഴീക്കോട് MLA യുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാന പ്രകാരം വിശദമായ DPR തയ്യാറാക്കുന്നതിന് ULCCS-നെ ഏൽപ്പിക്കാൻ തീരുമാനിക്കുകയും ഒരു കോടി അമ്പതു ലക്ഷം രൂപ തനത് ഫണ്ടിൽ നിന്ന് കൈരളി സൊസൈറ്റിയും പദ്ധതിക്കായി മാറ്റി വെക്കാമെന്ന് സൊസൈറ്റി ഭാരവാഹികൾ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ടൂറിസം വീക്ഷണ കോണിൽ നിന്നും Concept Note |

| | | | |
|---|---|---|---|
| | | | തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ULCCS ന് നിർദേശം നല്കിയിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് തടസങ്ങൾ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | പാപ്പിനിശ്ശേരി കൈത്തറി മ്യൂസിയം എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടില്ല. എന്നാൽ 4.3.2014 ലെ സ.ഉ(സാധ) നം.436/2014/SCSTDD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പട്ടികജാതി വകുപ്പിന്റെ ഫണ്ട് വഴി ടൂറിസം വകുപ്പ് മുഖേന കൈരളി ഹരിജൻ വീവേഴ്സ് ഇൻഡസ്ട്രിയൽ സഹകരണ സൊസൈറ്റിയുടെ ഓവറോൾ എൻഹാൻസ്മെന്റ് എന്ന പദ്ധതിയ്ക്ക് 143 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഡി.റ്റി.പി.സിയും പദ്ധതിയുടെ DPR തയ്യാറാക്കുന്നത് GlTPAC എന്ന സ്ഥാപനവുമാണ്. എന്നാൽ 2021 ൽ GITPAC സമർപ്പിച്ച DPR ടൂറിസം വീക്ഷണത്തിലുള്ളത് അല്ലാത്തതിനാൽ 30/11/2021 തീയതിയിൽ ബഹു. അഴിക്കോട് MLAയുടെ അധ്യക്ഷതയിൽ ടി പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കായി ചേർന്ന യോഗ തീരുമാന പ്രകാരം ടൂറിസം കാഴ്ചപ്പാടിൽ നിന്നുകൊണ്ട് കൈത്തറി മ്യൂസിയം ഉൾപ്പെടുന്ന പദ്ധതി രൂപവൽക്കരിക്കുവാൻ തീരുമാനിച്ചു. ടി പദ്ധതിയുമായി ബന്ധപ്പെട്ട് വിശദമായ കൺസെപ്റ്റ് നോട്ട് ആവിഷ്കരിക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ DPR തയ്യാറാക്കി ടൂറിസം വകുപ്പ് മുഖാന്തിരം പട്ടിക ജാതി വകുപ്പിന് സമർപ്പിക്കാനും തീരുമാനിച്ചു. തുടർന്ന് 30/12/2021 ന് ബഹു. അഴീക്കോട് MLA യുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാന പ്രകാരം വിശദമായ DPR തയ്യാറാക്കുന്നതിന് ULCCS-നെ ഏൽപ്പിക്കാൻ തീരുമാനിക്കുകയും ഒരു കോടി അമ്പതു ലക്ഷം രൂപ തനത് ഫണ്ടിൽ നിന്ന് കൈരളി സൊസൈറ്റിയും പദ്ധതിക്കായി മാറ്റി വെക്കാമെന്ന് സൊസൈറ്റി ഭാരവാഹികൾ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ടൂറിസം വീക്ഷണ കോണിൽ നിന്നും Concept Note തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ULCCS ന് നിർദേശം നല്കിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ